(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സമുന്നതി തൊഴിൽ പരിശീലന പദ്ധതി

1 (1823) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ കോർപ്പറേഷൻ സമുന്നതി തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) കുടുംബവാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽനിന്നും രണ്ട് ലക്ഷം രൂപയിൽ താഴെയുള്ള കേരള സംസ്ഥാനത്തിലെ സംവരണേതര സമുദായങ്ങളിൽ ഉൾപ്പെടുന്ന തൊഴിൽരഹിതരായ യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി, അവർക്ക് നൈപുണ്യ പരിശീലനം നൽകി, ഏറ്റവും മികവുള്ളവർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കാൻ പ്രാപ്തി നൽകുകയും തൊഴിൽ നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) തൊഴിൽ നൈപുണ്യ പരിശീലനത്തിനായുള്ള കേരള സർക്കാരിന്റെ accredited agency ആയ KASE (Kerala Academy for Skills Excellence) മായി ചേർന്നാണ് 2014-15 കാലയളവിലെ നൈപുണ്യ പരിശീലന പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രസ്തുത തുക വിനിയോഗിച്ച് നൈപുണ്യ പരിശീലന പദ്ധതി കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരികയും ചെയ്യുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ ബഡ്ജറ്റ് വിഹിതമായി നൈപുണ്യ വികസന പദ്ധതിക്ക് അനുവദിക്കുകയും ആയതിന് 3-12-2015-ലെ ജി.ഒ. (ആർടി.) 8691/2015/പൊ.ഭ.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly